Draft #134 of File 21717/AD A1/4/2019/AD A 1 Approved by REGISTRAR (i/c) on 06-Oct-2026 07:27 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 21717/AD A1/4/എ ഡി എ 1/AD A 1 തീയതി: 06.10.2026

**<u>സർക്കുലർ</u>**

വിഷയം:- ഗാന്ധി ജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ക്യാമ്പസ് ക്ലീനിങ് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസറുടെ സമർപ്പണം, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

-------

2026 ലെ ഗാന്ധി ജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം (NSS) യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 07.10.2026 തീയതിയിൽ ക്യാമ്പസ് ക്ലീനിങ് നടത്തുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷനുകളിലും ഡിപ്പാർട്ട്മെന്റുകളിലും അന്നേ ദിവസം ക്ലീനിങ് പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന ചടങ്ങ് അന്നേ ദിവസം രാവിലെ 10.30 ന് സർവകലാശാല ഭരണവിഭാഗം മന്ദിരത്തിന് മുന്നിൽ നടത്തപ്പെടുന്നു. രാവിലെ 11.00 മണി മുതൽ ക്യാമ്പസ് ക്ലീനിങ് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. സർവകലാശാല ഭരണവിഭാഗം മന്ദിരത്തിന്റെ പരിസരത്തെ ക്ലീനിങ് പ്രവർത്തനങ്ങൾക്ക് എൻ. എസ്. എസ്. വോളന്റിയർമാർ നേതൃത്വം നൽകും. സർവകലാശാല പഠന വകുപ്പുകളിലും സെന്ററുകളിലും അന്നേ ദിവസം നടക്കുന്ന ക്ലീനിങ് പ്രവർത്തനങ്ങളിൽ അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് മേധാവി, ഹോണററി ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ പ്രസ്തുത ക്ലീനിങ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.

ഒപ്പ്

**ഡോ. ബിനു ജോർജ് വർഗ്ഗീസ്**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/ധനകാര്യം/പരീക്ഷ)
5.പബ്ലിക് റിലേഷൻസ് ഓഫീസർ/ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #134 of File 21717/AD A1/4/2019/AD A 1 Approved by REGISTRAR (i/c) on 06-Oct-2026 07:27 PM - Page 2

The document is digitally approved. Hence signature is not needed.